കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെറുപുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.1/103/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി : 13-03-2020

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

ചെറുപുഴ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: ചെറുപുഴ ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

<u>പകർപ്പ്</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ)

3. കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.1/103/2020 തീയ്യതി : 13-03-2020

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*********

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 7-8-2018 മുതൽ 5-1-2020 വരെ വിവിധ ഇനങ്ങളിലായി ഗ്രാമപഞ്ചായത്ത് നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ശശികുമാർ.എം.പി.,<br>ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-01-2020മുതൽ18-1-2020വരെ |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | 1.ശ്രീ.പ്രമോദ്.കെ.വി,ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീ.ഷൈജു മാത്യു,<br>അസി.ഓഡിറ്റ് ഓഫീസർ |
| | 3.ശ്രീ.ഗണേശൻ കേളോത്ത്,<br>അസി.ഓഡിറ്റ് ഓഫീസർ |
| | 4.ശ്രീമതി.ധന്യ എം. വി,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കൊച്ചുറാണി ജോർജ് | 01-04-2018മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ.ഒ.എം.ജോർജ് | 1-4-2018മുതൽ 20-06-2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി.ലാലിമാണി | 21-06-2018മുതൽ 31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ജയരാജൻ നായർ | 1-04-2018മുതൽ 07-11-2018വരെ |
| | ശ്രീമതി.രജീന. എ | 08-11-2018മുതൽ 31-03-2019വരെ |
| അസി.എഞ്ചിനിയർ | ശ്രീ.വാമനൻ പി | 1-04-2018 മുതൽ 18-05-2018 വരെ |
| | ശ്രീമതി സുബിത വി.എസ് | 19-05-2018 മുതൽ 10-01-2019 വരെ |
| | ശ്രീ. വാമനൻ പി | 11-01-2019 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ (പുളിങ്ങോം) | ശ്രീ. സുനിൽ കുമാർ കെ | 1-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ (വയക്കര) | 1. ശ്രീ. വിവേക് ഭാസ്കരൻ | 01-04-2018 മുതൽ 06-01-2019 വരെ |
| | 2. ശ്രീമതി.ശ്രീലത. കെ | 07-01-2019 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അഭിലാഷ്. എ. | 1-4-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നിമ. പി | 1-4-2018 മുതൽ 31-03-2019 വരെ |
| ഹെഡ് മാസ്റ്റർ (വാഴക്കുണ്ടം ജി.എൽ.പി സ്കൂൾ) | ശ്രീ.ധനഞ്ജയൻ. കെ | 1-04-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.വിശ്വലക്ഷ്മി. എൽ | 1-04-2018 മുതൽ 31-03-2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി. കൗസല്യ.എസ്.എം. | 1-04-2018 മുതൽ 31-03-2019വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.പ്രീതി. പി | 1-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സതി. സി. | 01-04-2018 മുതൽ 31-3-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകങ്ങൾ | 1-11 |
| 12 | തൊഴിൽ നികുതി അപാകങ്ങൾ | 1-12 |
| 13 | ലേലം- നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-13 |
| 14 | ഇടെണ്ടർ- ടെണ്ടർഫോറം വില 1,67,255/- രൂപ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്. | 1-14 |
| 15 | വാഹന ഇൻഷൂറൻസ് - കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന ഇൻഷൂർ ചെയ്യുന്നില്ല | 1-15 |
| 16 | സംസ്ഥാന ലൈഫ് ഇൻഷൂറൻസ് പദ്ധതി- സർക്കാർ നിശ്ചയിച്ച നിരക്കിൽ വരിസംഖ്യ ഈടാക്കുന്നില്ല | 1-16 |
| 17 | എസ്.എസ്.എ വിഹിതം-വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-17 |
| 18 | ഗെയിം ഫെസ്റ്റ്-അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല-48390/- രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 19 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം - അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല-3,24,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-19 |
| 20 | പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് -ആവശ്യമായ സാക്ഷ്യപത്രങ്ങൾ വാങ്ങാതെ വിതരണം-4,49,250/- രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 21 | പഠന നിലവാരം ഉയർത്തുന്നതിനുള്ള പ്രൊജക്ട്-വിഭാവനം ചെയ്ത കാര്യങ്ങൾ നടപ്പിലാക്കിയിട്ടില്ല. | 1-21 |
| 22 | യുവജനക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ്-ഗുണഭോക്തൃസ്ഥാപനങ്ങളെ തെരഞ്ഞെടുത്തത് ക്രമപ്രകാരമല്ല | 1-22 |
| 23 | വിവിധ പദ്ധതികൾക്കായുള്ള ധനസഹായം :- തുക വിനിയോഗിക്കാത്ത പക്ഷം തിരിച്ചൊടുക്കേണ്ടതാണ് | 1-23 |
| 24 | കാനം വയൽ ഇടക്കോളനി കോൺക്രീറ്റ് നടപ്പാലം- സോയിൽ ടെസ്റ്റിന് തുക നല്കി ഒരു വർഷമായിട്ടും പ്രവൃത്തി നടന്നില്ല-50,000/-രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 25 | ചാത്തമംഗലം അങ്കണവാടി കുഴൽക്കിണർ-ജലലഭ്യതക്ക് നടപടി സ്വീകരിക്കേണ്ടതാണ് | 1-25 |
| | | |

| | | |
|---|---|---|
| 26 | തട്ടുമ്മൽ കൊപ്രാ ഡ്രയർ പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-26 |
| 27 | പാലിയേറ്റീവ് കെയർ പദ്ധതി: അപാകങ്ങൾ. | 1-27 |
| 28 | ഫെസ്റ്റിവെൽ അഡ്വാൻസ്-3,000/-രൂപ നാളിതുവരെയായി തിരികെ ലഭിച്ചില്ല | 1-28 |
| 29 | പത്രപരസ്യം -ഡിസ്കൗണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-29 |
| 30 | കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിലേക്കുള്ള തുകയിൽ നിന്നും കലക്ഷൻ ചാർജ് കുറവ് വരുത്തേണ്ടതാണ്. | 1-30 |
| 31 | മുളപ്ര അംഗൻവാടി റിപ്പയർ -കൂടുതലായി അനുവദിച്ച 5,209/-രൂപ ഈടാക്കേണ്ടതാണ്. | 1-31 |
| 32 | സ്ഥിരമായി മരുന്ന് കഴിക്കേണ്ട രോഗികൾക്ക് അവശ്യമരുന്ന് വിതരണം-പദ്ധതി – മുഴുവൻ മരുന്നുകളും ലഭ്യമാക്കിയില്ല | 1-32 |
| 33 | കാലിത്തൊഴുത്ത് നവീകരണം-മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-2,25,000രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 34 | സോളാർ പ്ലാന്റ്-വിനിയോഗസാക്ഷ്യപത്രവും അനുബന്ധരേഖകളും ലഭ്യമാക്കേണ്ടതാണ്. | 1-34 |
| 35 | വനിത അപ്പാരൽ പാർക്ക് പ്രാവർത്തികമായില്ല-15 ലക്ഷം രൂപയോളമുള്ള മെഷനറികൾ നിഷ്ക്രിയമായി കിടക്കുന്നു. | 1-35 |
| 36 | ലൈഫ് ഭവനപദ്ധതി -നിർവ്വഹണ അപാകങ്ങൾ-6,62,000/ രൂപ നിരാകരിക്കുന്നു. | 1-36 |
| | ഭാഗം 2<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3- ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 37 | ലൈഫ് ഭവനപദ്ധതി -നിർവ്വഹണ അപാകങ്ങൾ-6,62,000/ രൂപ നിരാകരിക്കുന്നു. | 3-1 |
| | ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 38 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 39 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 43 | സ്ഥിര നിക്ഷേപം | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 46 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| | | |

| | | |
|---|---|---|
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 49 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 50 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 51 | ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 52 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19വർഷത്തെ ബജററ് ഭരണസമിതിയുടെ 20-3-2018ലെ 48/18 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 25-02-2019ലെ 29/19 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 21499720 |
| വരവ് | 385169362 |
| ആകെ | 406669082 |
| ചെലവ് | 385609893 |
| നീക്കിയിരിപ്പ് | 21059189 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2019 | 18-5-2019 | തിരിച്ചയച്ചിട്ടില്ല. |

## 1-3 സാമ്പത്തിക വിശകലനം(റസീറ്റ് & പേയിമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,74,48,765.23 |
| വരവ് | 14,78,90,702 |
| ആകെ | 16,53,39,467.23 |
| ചെലവ് | 11,54,42,460 |
| നീക്കിയിരിപ്പ് | 4,98,97,007.23 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 30616000 | 30616000 | 28677625 | 1938375 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 2011000 | 2011000 | 2010895 | 105 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 3460000 | 3460000 | 3390328 | 69672 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 12333000 | 12333000 | 9041541 | 3241759 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 6183000 | 6183000 | 6171130 | 11870 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 14572592 | 14572592 | 11944843 | 2627749 |
| സാക്ഷരത | | 34380.96 | 1220 | 35600.96 | 0 | 35600.96 |
| ദുരിതാശ്വാസനിധി | | 14012 | 27500 | 41512 | 34560 | 6952 |
| <u>കേന്ദ്രാവിഷ്കൃത ഫണ്ടുകൾ</u><br>1) (എം ജി എൻ ആർ ഇ ജിഎസ്)<br>തൊഴിലാളികളുടെ കൂലി | | 0 | 32666912 | 32666912 | 32666912 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 20246 | 372089 | 392335 | | 19263 |
| 2)എം പി എൽ എ ഡി എസ് | | 12259 | 1816 | 14075 | ---- | 14075 |
| 3)പശ്ചിമഘട്ട വികസന പദ്ധതി | | 43031 | 1526 | 44,557 | --- | 44,557 |
| 4)ജലനിധി | | 34749 | 143217 | 177966 | ------- | 1,77,966 |
| 5)പൈക്ക | | 73809 | 2617 | 76,426 | ------- | 76,426 |
| 6) അനുപൂരക പോഷകാഹാരം | | 1144545 | 863950 | 2008495 | 251367 | 1757128 |
| 7) സമ്പൂർണ്ണ ശുചിത്വം (TSC) | | 1678500 | 190000 | 1868500 | 1768186 | 100314 |
| <u>സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ</u><br>1)ശുചിത്വമിഷൻ | | 135000 | 505000 | 640000 | 151500 | 488500 |
| 2)അവാർഡ് | | 100000 | ----- | 1,00000 | ---- | 100000 |
| 3)വിമുക്തി | | 6230 | 25000 | 31230 | 8650 | 22580 |
| <u>ജോയിന്റ് വെഞ്ചർ അക്കൗണ്ട്</u> | ബ്ലോക്ക് പഞ്ചായത്ത്(പയ്യന്നൂർ) | 151650 | 2346708 | 2948358 | 1906708 | 1041650 |
| | ജില്ലാ പഞ്ചായത്ത് | 2496672 | 4759780 | 7256452 | 5617271 | 1639181 |
| ബി ഫണ്ട് | | -- | 63408320 | 63408320 | 63408320 | |

കുറിപ്പ്-ജനറൽ പർപ്പസ് ഗ്രാന്റ്, തനത് ഫണ്ട് ഇവയുടെ വരവ്-ചെലവ് -നീക്കിയിരിപ്പ് വിവരം വ്യക്തമാക്കുന്ന പ്രത്യേക രജിസ്ററർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 263 | 152769234 | 188 | 95351082 | 10 | 75 | 67.68 % |

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രൊജക്ടുകൾ | | അടങ്കൽ തുക | ചെലവ് തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | | | എണ്ണം | ശതമാനം | | | |
| 1 | കൃഷി ഓഫീസർ | 10 | 10 | 100 | 5497837 | 4582375 | 83.34 |
| 2 | വെറ്റിനറി സർജൻ | 14 | 14 | 100 | 6034000 | 4483401 | 74.30 |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 06 | 06 | 100 | 2500010 | 2478575 | 99.14 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01 | 01 | 100 | 900000 | 900000 | 100 |
| 5 | വി ഇ ഒ | 18 | 16 | 88.88 | 34980795 | 26011207 | 74.36 |
| 6 | ഐ സി ഡി എസ് സൂപ്പർ വൈസർ | 07 | 07 | 100 | 6193627 | 5831493 | 94.15 |
| 7 | സെക്രട്ടറി | 24 | 23 | 95.83 | 10081395 | 8300243 | 82.33 |
| 8 | ഹെഡ് മാസ്റ്റർ | 07 | 07 | 100 | 1619095 | 1594385 | 98.47 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 166 | 94 | 56.63 | 78944595 | 35451634 | 44.90 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 01 | 100 | 3400000 | 3400000 | 100 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 09 | 09 | 100 | 2617880 | 2317769 | 88.53 |
| ആകെ | | 263 | 188 | 71.48 | 152769234 | 95351082 | 62.41 |

മിക്ക നിർവ്വഹണോദ്യോഗസ്ഥരും നിർവ്വഹണ ചുമതല ഏല്പിക്കപ്പെട്ട പദ്ധതികളുടെ നടത്തിപ്പിൽ പ്രസ്താവ്യമായ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. അംഗീകരിക്കപ്പെട്ട പ്രൊജക്ടുകളിൽ 57 ശതമാനത്തോളം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതാത് പദ്ധതി വർഷം അനുവദിക്കുന്ന സംസ്ഥാന ഫണ്ടുകളിൽ തൻവർഷം ചെലവഴിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുമെന്നിരിക്കെ, ലഭ്യമായ പദ്ധതി പണം പൂർണ്ണമായി വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ പദ്ധതിപ്രവർത്തനവും അടിസ്ഥാന സൗകര്യവികസനവും മെച്ചപ്പെടുത്തുവാൻ നിർവ്വഹണോദ്യോഗസ്ഥൻമാർ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 20246 | 372089 | 392335 | 373072 | 19263 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 32666912 | 32666912 | 32666912 | 0 |
| ആകെ | 20246 | 33039001 | 33059247 | 33039984 | 19263 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-01-2020ന് 3 മണിക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 17210/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 101520 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 10479400 | 852 |
| വിധവാപെൻഷൻ | 12628200 | 1044 |
| വാർദ്ധക്യകാലപെൻഷൻ | 34605300 | 2994 |
| ഭിന്ന ശേഷിക്കാർക്കുള്ള പെൻഷൻ | 4807200 | 434 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 645700 | 56 |
| വിവാഹധനസഹായം | 90000 | 03 |

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. സ്റ്റാഫ് മീറ്റിംഗ് എല്ലാ മാസവും വിളിച്ച് ചേർക്കുകയും ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും ജീവനക്കാർക്ക് ജോലി സംബന്ധിച്ച നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആസ്തിരജിസ്ററർ കാലികമാക്കി സൂക്ഷിക്കേണ്ടതും തെരുവ് വിളക്ക് സംബന്ധമായ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. പേഴ്സണൽ രജിസ്റ്റർ മേലുദ്യോഗസ്ഥൻ പ്രതിമാസപരിശോധന നടത്തേണ്ടതാണ്. ഫ്രണ്ട് ഓഫീസ് ഡയറി മേലുദ്യോഗസ്ഥൻ കൃത്യമായ പരിശോധന നടത്തേണ്ടതും അതാത് ദിവസത്തെ വരവുതുക സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-12-2019 | 11/2019 | 24-12-2019 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-02-2011 മുതൽ 17-02-2011 വരെ | 2005-06 മുതൽ 2009-10 വരെ | 16-03-2011 |

## 1-11 വാർഷികകണക്കിലെ അപാകങ്ങൾ

1.വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഇനത്തിലെ കുടിശ്ശിക ഡിമാന്റ്,കളക്ഷൻ,ബാലൻസ് ഇവ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

2.വസ്തുനികുതി തൻവർഷത്തെ അഡ്വാൻസ് കളക്ഷനായി ബി-9 ൽ രേഖപ്പെടുത്തിയ തുക മുൻവർഷ ബാലൻസ് ഷീറ്റും തൻവർഷ കളക്ഷനുമായി യോജിക്കുന്നില്ല.

3.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

4.പഞ്ചായത്ത് ദുരിതാശ്വാസ നിധി -തൻവർഷ നീക്കിയിരിപ്പ് ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

5.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ,പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

## 1-12 തൊഴിൽ നികുതി അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ചെറുപുഴ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട റിട്ടേണുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2018-19 വർഷം താഴെപ്പറയുന്നവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 35 അങ്കണവാടികളിലെ വർക്കർമാർ, ഹെൽപ്പർമാർ

2) സപ്ലൈകോ സൂപ്പർമാർക്കറ്റ് -ചെറുപുഴ ,അപ്സര ജ്വല്ലറി, സോനാ ജ്വല്ലറി, പടിഞ്ഞാത്ത് ഫാഷൻ ജ്വല്ലറി, സൂര്യാ വസ്ത്രാലയം എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർ

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (10/18-19, തീയ്യതി: 15-01-2020 )ത്തിന് ക്രമ നമ്പർ 2 ൽ പറഞ്ഞ വിഭാഗം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് ആ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്കായി ലേബർ ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ലേലം- നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

കാര്യങ്കോട് പുഴ പുറമ്പോക്കിൽ അനധികൃതമായി മുറിച്ചുമാറ്റിയ മഹാഗണിമരം ഫോറസ്റ്റ് ഡിപാർട്ട്മെന്റിന്റെ വാല്വേഷന്റെ അടിസ്ഥാനത്തിൽ ലേലനടപടി സ്വീകരിക്കുന്നതിന് 10-10-18 ലെ 187/2018 തീരുമാന പ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. നാളിതുവരെയായും ലേലം നടന്നിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (13/15-01-20) വാല്വേഷൻ തുക പുനർനിർണ്ണയിക്കുന്നതിന് ഫോറസ്റ്റ് ഡിപാർട്ട്മെന്റുമായി ബന്ധപ്പെട്ടുവരുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-14 ഇടെണ്ടർ- ടെണ്ടർഫോറം വില 1,67,255/- രൂപ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്.

ചെറുപുഴ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ ടെണ്ടറുകളുടെ, ടെണ്ടർ

ഫീസിനത്തിൽ 1,67,255/- രൂപ (₹21528/2014-15, ₹58905/2015-16, ₹13650/2016-17, ₹39908/2017-18, ₹33264/2018-19) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ആയത് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വാഹന ഇൻഷൂറൻസ് - കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന ഇൻഷൂർ ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാഹനം നാഷണൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് ഇൻഷൂർ ചെയ്തിരിക്കുന്നത്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| വാഹന നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|
| KL-59 T-7362 മഹീന്ദ്ര ബൊലോറോ സെഡ് എൽഎക്സ് പവർപ്ലസ് ജീപ്പ് | 21801194 തീയതി 11-02-2019 | 40,063 |

18-04-2000 ലെ ജി ഒ(പി) നം 819/2000 ഫിൻ ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷൂറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.വരും വർഷങ്ങളിൽ കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന വാഹനം ഇൻഷൂർ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സംസ്ഥാന ലൈഫ് ഇൻഷൂറൻസ് പദ്ധതി- സർക്കാർ നിശ്ചയിച്ച നിരക്കിൽ വരിസംഖ്യ ഈടാക്കുന്നില്ല

സംസ്ഥാന ലൈഫ് ഇൻഷൂറൻസ് പദ്ധതിയിൽ, ജി.ഒ.(പി) 149/2016/ധന തീയതി 04-10 -2016 പ്രകാരം നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് താഴെ ചേർത്ത ജീവനക്കാരനിൽ നിന്നും വരിസംഖ്യ ഈടാക്കിവരുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു

| പേര് | തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കുന്ന വരിസംഖ്യ | ഈടാക്കേണ്ട വരിസംഖ്യ |
|---|---|---|---|---|
| ശ്രീ.ഷോബി വി .എസ് | ജൂനിയർ സൂപ്രണ്ട് | 37,500 | 150 | 500 |

സർക്കാർ നിർദ്ദേശപ്രകാരമുള്ള വരിസംഖ്യ ഈടാക്കേണ്ടതാണ്.

## 1-17 എസ്.എസ്.എ വിഹിതം-വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പറും പേരും :118/19-എസ്.എസ്.എ വിഹിതം
നിർവ്വഹണോദ്യോഗസ്ഥൻ :ഹെഡ്മാസ്റ്റർ

അടങ്കൽ :9,44,095/- രൂപ-വികസനഫണ്ട്

ചെലവ് :9,44,095/- രൂപ.(ബിൽ നം1/20.7.2018)

ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ എസ്.എസ്.എ വിഹിതമായി 9,44,095/-രൂപ അടവാക്കിയിട്ടുണ്ട്.ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുമുണ്ട്(നം.ഇല്ല,തിയ്യതി-30.4.2019)എന്നാൽ തുക അടവാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള എസ്.എസ്.എ പ്രോജക്ട് ഡയറക്ടറുടെ കത്ത്

ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്ത് പരിധിയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതിന് വിഭാവനം ചെയ്തിരുന്നതെന്നും അവയുടെ മതിപ്പ് ചെലവും വ്യക്തമല്ല. എസ്.എസ്.എ ഫണ്ടുപയോഗിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള സ്കൂളുകളിൽ നടത്തപ്പെട്ട പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിലയിരുത്തിയതായും കാണുന്നില്ല.പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ.) നം.11/2018/ത.സ്വ.ഭ.വ തി.29.1.2018 ) ഖണ്ഡിക 7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ രൂപീകരിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണ്.കൂടാതെ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികൾ ഉദ്ദേശിച്ച വിധത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിശദമായ വിനിയോഗ പത്രം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 ഗെയിം ഫെസ്റ്റ്-അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല- 48,390/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പറും പേരും:183/19-ഗെയിം ഫെസ്റ്റ്
നിർവ്വഹണോദ്യോഗസ്ഥൻ:ഹെഡ് മാസ്റ്റർ
അടങ്കൽ-60,000/- രൂപ(വികസന ഫണ്ട്)

ചെലവ് :48,390/- രൂപ

1) ₹ 5100(ബിൽ -4/29.10.2018)

2) ₹ 17430(ബിൽ -5/3.11.2018)

3) ₹ 15600(ബിൽ -8/25.2.2019)

4) ₹ 10260(ബിൽ -10/26.3.2019)

ഗെയിം ഫെസ്റ്റിവലിൽ പങ്കെടുക്കുന്നതിനായി ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, കബഡി ടീമുകൾക്ക് പരിശീലനം നൽകുന്നതിനുള്ള പ്രോജക്ടാണിത്. ഇതിനായി താഴെ പറയുന്ന വിധത്തിലാണ് തുക ചെലവഴിച്ചിരിക്കുന്നത്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | പരിശീലകർക്കുള്ള പ്രതിഫലം | 13,000 |
| 2 | സെലക്ടർമാർക്കുള്ള പ്രതിഫലം | 4,500 |
| 3 | റഫറി/അമ്പയർക്കുള്ള പ്രതിഫലം | 3,000 |
| 4 | ഭക്ഷണം,സ്പോട്സ് ഉപകരണങ്ങൾ | 27,890 |
| | ആകെ | 48,390 |

ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, കബഡി എന്നീ ഇനങ്ങളിൽ പരിശീലനം/ടീം സെലക്ഷൻ എന്നിവ നടത്തിയതിനും ഫുട്ബോൾ, ക്രിക്കറ്റ് എന്നിവയിൽ മത്സരം നടത്തിയതിനും പ്രതിഫലം നൽകിയതായാണ് ഇവയുടെ കൈപ്പറ്റ് വൌച്ചറുകളിൽനിന്നും മനസ്സിലാവുന്നത്.എന്നാൽഇതുമായി ബന്ധപ്പെട്ട്, 1)ഓരോയിനങ്ങളിലും പരിശീലനം നടത്തിയ സ്ഥലം, കാലയളവ് 2)പരിശീലനത്തിൽ പങ്കെടുത്തവരുടെ പേര് വിവരം 3)പരിശീലകരുടെ പേര്, യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് 4)വിവിധ ടീമുകളിലേക്ക് സെലക്ട് ചെയ്യപ്പെട്ടവർ 5)മൽസരത്തിലെ വിജയികളുടെ പേര് 6)കബഡി, വോളിബോൾ ഇനങ്ങളിൽ മൽസരം നടന്നിരുന്നുവെങ്കിൽ അവയുടെ വിവരങ്ങൾ തുടങ്ങിയ രേഖകൾ /വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഓഡിററ് അന്വേഷണം-5/7-1-20) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മേൽരേഖകളുടെ അഭാവത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 48,390/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം -

## അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല-3,24,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ/പേര് - 166/18-19,ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - 6,48,000/-(വികസനഫണ്ട്)

ചെലവ് - 3,24,000/-ബിൽ നമ്പർ – 1) 20/12-03-19- 81,000/-
2) 24/27-03-19- 2,43,000/-

പ്രസ്തുത പ്രോജക്ടു പ്രകാരം ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരായ 4പേർക്ക് (ശ്രീ.ജോർജ്കാനാക്കാട്, ശ്രീ.ഷാജി.പി.കെ, ശ്രീ.മനോജ്തെക്കേൻ, ശ്രീ.രാജേഷ്.കെ.ആർ) സൈഡ് വീലോടു കൂടിയ സ്കൂട്ടർ ലഭ്യമാക്കുന്നതിനായി 3,24,000/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. വാഹനം കൈപ്പറ്റിയ ഗുണഭോക്താവിന്റെ ഡ്രൈവിംഗ് ലൈസൻസ് പകർപ്പും, വാഹനം ഗുണഭോക്താക്കളുടെ പേരിൽ രജിസ്ട്രേഷൻ ചെയ്തതിന്റെ രേഖകളുടെ പകർപ്പും ബന്ധപ്പെട്ട ഫയലിൽ ലഭ്യമായിട്ടില്ല. മാത്രമല്ല ഗുണഭോക്താക്കളും നിർവ്വഹണ ഉദ്യോഗസ്ഥനും വാഹനവിതരണം സംബന്ധിച്ച് കരാറിലും ഏർപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് 16-01-2020 ന് നൽകിയ 30-ാംനമ്പർ ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത രേഖകൾ അവരിൽ നിന്നും ലഭ്യമാകുന്ന മുറക്ക് വാങ്ങി ഫയലിൽ സൂക്ഷിക്കാമെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കൾ ഡ്രൈവിംഗ് ലൈസൻസ് നേടിയെന്നും സ്കൂട്ടർ അവരുടെ പേരിൽ തന്നെ രജിസ്റ്റർ ചെയ്തുവെന്നും ഉറപ്പ് വരുത്താനാവാത്ത സാഹചര്യത്തിൽ പ്രസ്തുത നാലു പേരുടെ ചെലവു തുകയായ 3,24,000/- രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് -ആവശ്യമായ സാക്ഷ്യപത്രങ്ങൾ വാങ്ങാതെ വിതരണം-4,49,250/- രൂപ തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ,പേര് | 124/19പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം. | 135/19പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം. |
|---|---|---|
| അടങ്കൽ | 2,10,000(വികസനഫണ്ട്-എസ്.സി.പി) | 2,40,000(വികസനഫണ്ട്-ടി.എസ്.പി) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ |
| ചെലവ് | 2,09,650രൂപ(ബിൽ -2/26.9.2018) | 2,39,600രൂപ(ബിൽ-3/26.9.2018 |

<u>പ്രസ്തുത പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.</u>

<u>1)വകുപ്പിൽനിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.</u>

മുകളിൽപറഞ്ഞ പ്രോജക്ടുകളുടെ ഭാഗമായി 7 പട്ടികജാതിവിദ്യാർത്ഥികൾക്കും 8 പട്ടികവർഗവിദ്യാർത്ഥികൾക്കും ലാപ് ടോപുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ലാപ്

ടോപ് കൈപ്പറ്റുന്നവർ ബന്ധപ്പെട്ട വകുപ്പിൽനിന്നും ഈ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഈ സാക്ഷ്യപത്രം വാങ്ങാതെയാണ് നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് ലാപ് ടോപ് വിതരണം ചെയ്തിരിക്കുന്നത്.

<u>2)യൂണിവേഴ്സിറ്റിയിൽനിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.</u>

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.9 പ്രകാരം പാരലൽകോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റിയിൽനിന്നുള്ള രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ഈ ആനുകൂല്യം നൽകുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ വിഷ്ണുപ്രസാദ് യു , ഊരിയേൽ മേട്ടുംപുറത്ത് എന്ന വിദ്യാർത്ഥി ലഭ്യമാക്കിയിരിക്കുന്നത് വിദ്യാമന്ദിർ കോളേജ്, പയ്യന്നൂർ എന്ന പാരലൽ കോളേജിൽനിന്നുള്ള സാക്ഷ്യപത്രം മാത്രമാണെങ്കിലും ലാപ് ടോപ് നൽകിയിട്ടുണ്ട്.

മുകളിൽപറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം.7/7-1-20)ത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മേൽപറഞ്ഞ രേഖകളുടെ അഭാവത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 4,49,250/-രൂപതടസ്സപ്പെടുത്തുന്നു.

# 1-21 പഠന നിലവാരം ഉയർത്തുന്നതിനുള്ള പ്രൊജക്ട്-വിഭാവനം ചെയ്ത കാര്യങ്ങൾ നടപ്പിലാക്കിയിട്ടില്ല.

പ്രോജക്ട് നമ്പറും പേരും -275/19-പഠന നിലവാരം ഉയർത്തൽ

അടങ്കൽ-25,000/- രൂപ( വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ :ഹെഡ് മാസ്റ്റർ

ചെലവ് :22,250/- (ബിൽ നം – 15.2.2019)

ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുക, ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് എൽ.എസ്.എസ്,യു.എസ്.എസ് പരിശീലനം നൽകുക എന്നിവയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ. ഈ പ്രോജക്ടിന്റെ ഭാഗമായി എൽ.എസ്.എസ്, യു.എസ്.എസ്, ചാന്ദ്രദിന ക്വിസ്, ഗാന്ധി ദിന ക്വിസ് തുടങ്ങിയവയിൽ വിജയം നേടിയ വിദ്യാർത്ഥികൾക്ക് മൊമന്റോ നൽകുന്നതിനായി 22,250/- രൂപ ചെലവഴിക്കുകയാണുണ്ടായത്. പ്രോജക്ടിൽ ലക്ഷ്യം വെച്ച പ്രവർത്തനങ്ങൾ നടത്തുന്നതിന് പകരം വിജയികളായ വിദ്യാർത്ഥികൾക്ക് മൊമെന്റോ വിതരണം മാത്രമായി പ്രോജക്ടിന്റെ പ്രവർത്തനം പരിമിതപ്പെടുത്തിയതായാണ് കാണുന്നത്. പ്രോജക്ടുകൾ വിഭാവനം ചെയ്യുമ്പോൾ നിർവ്വഹണം സംബന്ധിച്ച് കൃത്യമായ ആസൂത്രണം നടത്തേണ്ടതും അതുപ്രകാരം തന്നെ പ്രോജക്ട് നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-22 യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്-ഗുണഭോക്തൃസ്ഥാപനങ്ങളെ തെരഞ്ഞെടുത്തത് ക്രമപ്രകാരമല്ല

പ്രോജക്ട് നമ്പറും പേരും-185/19,രജിസ്റ്റേർഡ് യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്

അടങ്കൽ -40,000 രൂപ (വികസന ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ :ഹെഡ് മാസ്റ്റർ

ചെലവ് :32,000 രൂപ(ബിൽ -9/20.3.2019)

ഈ പ്രോജക്ടിന്റെ ഭാഗമായി താഴെ പറയുന്ന 8 ക്ലബ്ബുകൾക്ക് 4,000/- രൂപ വീതം വിലമതിക്കുന്ന സ്പോട്സ് ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

| ക്രമ | ക്ലബ്ബിന്റെ പേര് |
|---|---|

| | |
|---|---|
| നം | |
| 1 | പ്രതിഭ ,കോലുവള്ളി |
| 2 | ചൈതന്യ, തിരുമേനി |
| 3 | ഷൈനിംഗ് സ്റ്റാർ ആട്സ് & സ്പോട്സ് ക്ലബ്ബ് ,ചുണ്ട |
| 4 | സ്പൈക്കേഴ്സ്ആർട്സ് &സ്പോർട്സ് ക്ലബ്ബ്, ഇടവരമ്പ |
| 5 | കൈരളിആർട്സ്&സ്പോട്സ് ക്ലബ്ബ്, കരിയിക്കര |
| 6 | ഡ്രീംമേക്കേഴ്സ്ആർട്സ് &സ്പോർട്സ് ക്ലബ്ബ്, രാജഗിരി |
| 7 | ഡൌൺആർട്സ്&സ്പോർട്സ് ക്ലബ്ബ്,മീൻതുള്ളി |
| 8 | അമിഗോസ് സ്പോർട്സ് ക്ലബ്ബ്, കരിയിക്കര |

<u>അർഹതാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല,ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.</u>

തയ്യാറാക്കിയിരിക്കുന്ന പ്രോജക്ടിൽ ഗുണഭോക്തൃസ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങളുടെ മുൻഗണന വ്യക്തമാക്കിയിട്ടില്ല.മാത്രമല്ല അച്ചടിച്ച് പ്രസിദ്ധീകരിച്ചിരിക്കുന്ന ഗുണഭോക്തൃപട്ടികയിൽ ഈ പ്രോജക്ടിനായി പരിഗണിക്കേണ്ട ഗുണഭോക്തൃ സ്ഥാപനങ്ങളുടെ പട്ടിക ഉൾപ്പെടുത്തിയതായും കാണുന്നില്ല.പകരം, 25 ക്ലബ്ബുകളുടെ അപേക്ഷ ലഭിച്ചതിൽ നിർവ്വഹണോദ്യോഗസ്ഥൻ മുകളിൽ കാണിച്ച എട്ട് സ്ഥാപനങ്ങൾക്ക് സ്പോട്സ് കിറ്റുകൾ വിതരണം ചെയ്യുകയാണുണ്ടായത്. അർഹതാ മാനദണ്ഡങ്ങൾ തയ്യാറാക്കാതെയും ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിക്കാതെയും ഗുണഭോക്തൃസ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത് പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 11.3 ന്റെ ലംഘനമാണ്. ഭാവിയിൽ ഗ്രാമസഭ വഴി ഗുണഭോക്തൃസ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 വിവിധ പദ്ധതികൾക്കായുള്ള ധനസഹായം :- തുക വിനിയോഗിക്കാത്ത പക്ഷം തിരിച്ചോടുക്കേണ്ടതാണ്

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബി-4 പട്ടിക പരിശോധിച്ചതിലും ഓഡിററ് അന്വേഷണം 2/07-01-20നുള്ള മറുപടിപ്രകാരവും വിവിധ പദ്ധതികളിലായി ചുവടെ ചേർത്ത പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ നിഷ്ക്രിയമായി കിടക്കുന്നുണ്ട്.

| ക്രമനം | ഇനം | തുക(31-03-2019) | 07-01-2020 ലെ നീക്കിയിരിപ്പ് തുക | ലഭ്യമായ വർഷം |
|---|---|---|---|---|
| 1 | അനുപൂരക പോഷകാഹാരം | 1757128 | 8,33,633 | 2018-19 |
| 2 | ശുചിത്വമിഷൻ | 488500 | 2,24,500 | 2018-19 |
| 3 | പ്രത്യേകോദ്ദേശ്യഗ്രാന്റ് (320500101) | 3700000 | 22,59,141 | 2016-17 |
| 4 | ജില്ലാപഞ്ചായത്ത് (320700205) | 1618035 | 15,19,908 | 2018-19 |
| 5 | ബ്ലോക്ക്പഞ്ചായത്ത് (320700404) | 500000 | 5,00,000 | 2017-18 |
| 6 | ബ്ലോക്ക്പഞ്ചായത്ത് (320700204) | 541650 | 4,46,105 | 2018-19 |

| | | | | |
|---|---|---|---|---|
| 7 | അവാർഡ് തുക<br>(320900299) | 100000 | 1,00,000 | 2016-17 |
| 8 | പ്രത്യേകോദ്ദേശ്യഗ്രാന്റ്<br>(320300199) | 232987 | 2,32,987 | 2016-17<br>2017-18 |

പ്രസ്തുത തുകകൾ വിഭാവനം ചെയ്ത പദ്ധതികൾക്കായി വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചൊടുക്കുകയോ ചെയ്യേണ്ടതാണ്.

## 1-24 കാനം വയൽ ഇടക്കോളനി കോൺക്രീറ്റ് നടപ്പാലം- സോയിൽ ടെസ്റ്റിന് തുക നല്കി ഒരു വർഷമായിട്ടും പ്രവൃത്തി നടന്നില്ല-50,000/-രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം - സെക്രട്ടറി

പ്രോജക്റ്റിന്റെ പേര്- കാനം വയൽ ഇടക്കോളനി - കോൺക്രീറ്റ് നടപ്പാലം സോയിൽ ടെസ്റ്റ് നടത്തുന്നതിനും സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനും ചാർജ് നൽകൽ

പ്രോജക്റ്റ് നമ്പർ - 281/19

അടങ്കൽ - 4,44,000 രൂപ (തനത് ഫണ്ട്)

ചെലവ് - 60,000 ( ചെക്ക് നമ്പർ-1) 549462 /11-01-2019-50,000/-
2) 569649/11-3-2019-10,000/-)

പ്രസ്തുത പ്രവൃത്തിക്കായി ഗവ.എഞ്ചിനീയറിംഗ്കോളേജ്,കണ്ടിന്യൂയിംഗ്എജ്യുക്കേഷൻസെന്റർ,കണ്ണൂരിന് അഡ്വാൻസിനത്തിൽ 50,000/- രൂപ നൽകിയിട്ടുണ്ട്.അഡ്വാൻസ് നൽകി ഒരു വർഷം പിന്നിട്ടിട്ടും സോയിൽഇൻവെസ്റ്റിഗേഷൻറിപ്പോർട്ടോ, സ്ട്രക്ച്ചറൽഡിസൈനോ ഗവ.എഞ്ചിനീയറിംഗ്കോളേജ് കണ്ണൂരിൽ നിന്നും ലഭ്യമായിട്ടില്ല.എഞ്ചിനീയറിംഗ്കോളേജിന്റെ 02-05-2019ലെ കത്ത് പ്രകാരം പാറക്കെട്ടുള്ള ഭൂപ്രദേശമായതിനാൽ പ്രവൃത്തി നടത്തുവാൻ സാധിക്കില്ലെന്നറിയിച്ചിട്ടുണ്ട്.28-09-19 ലെ ഭരണ സമിതി തീരുമാന പ്രകാരം (2/98/19(6)) 50,000/- രൂപ തിരികെ ആവശ്യപ്പെടുവാൻ തീരുമാനിച്ചിട്ടുമുണ്ട്. തുക തിരികെ ലഭ്യമായതോ, തുടർ പ്രവർത്തനം സംബന്ധിച്ചതോ ആയ വിവരം ലഭ്യമല്ല.ഇതു സംബന്ധിച്ച ഓഡിററ് അന്വേഷണ(നം.34/16-1-20)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി തുടരുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.50,000/-രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ചാത്തമംഗലം അങ്കണവാടി കുഴൽക്കിണർ-ജലലഭ്യതക്ക് നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണം - സെക്രട്ടറി

പ്രോജക്റ്റിന്റെ പേര് - വിവിധ അങ്കണവാടികൾക്ക് കുഴൽകിണർ നിർമ്മാണം

പ്രോജക്റ്റ് നമ്പർ - 80/18-19

അടങ്കൽ - 10,31000 മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് -10,31000 (ബിൽ നമ്പർ 26/6-12-18

ഗ്രാമപഞ്ചായത്തിലെ 13 അങ്കണവാടികൾക്ക് ഭൂജലവകുപ്പിന്റെ അനുയോജ്യതാസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 1031000/- രൂപ കുഴൽ കിണർ നിർമ്മാണത്തിന് ഭൂജലവകുപ്പ്,ജില്ലാഓഫീസ് കണ്ണൂരിന് 6-12-18 ന് കൈമാറിയിട്ടുണ്ട്. 13 കിണറുകളുടേയും നിർമ്മാണം പൂർത്തീകരിച്ച രേഖകളും ആയവയിലെ ജലലഭ്യത സംബന്ധിച്ചും ഓഡിററ് അന്വേഷണം (37/17-1-20)മുഖേന വിവരം ആവശ്യപ്പെട്ടതിൽ, 13 കിണറുകളുടേയും

നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലുംഅതിലൊന്നായ ചാത്തമംഗലം അങ്കണവാടി(നമ്പർ-32)യിലെ കിണറിൽ വെള്ളം ലഭിച്ചിട്ടില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ഇക്കാര്യത്തിൽ ഭൂജലവകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഭരണവകുപ്പിൻെറ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

# 1-26 തട്ടുമ്മൽ കൊപ്രാ ഡ്രയർ പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ടിന്റെ പേര് - തട്ടുമ്മൽ കൊപ്രാ ഡ്രയർ-മിന്നൽ രക്ഷാചാലകം

പ്രോജക്ട് നമ്പർ - 282/19

അടങ്കൽ - 70,000 (വികസനഫണ്ട്)

ചെലവ് -68,588 ( ബിൽ നമ്പർ 38/14-03-19)

മേൽ പ്രകാരം 68,588/- രൂപ ചെലവഴിച്ച് തട്ടുമ്മൽ കൊപ്രാ ഡ്രയറിന് മിന്നൽ രക്ഷാചാലകം സ്ഥാപിക്കുന്ന പ്രവൃത്തി 2018-19 വർഷം പൂർത്തീകരിച്ചിട്ടുണ്ട്. 2015-16 വർഷം ധനകാര്യകമ്മീഷൻ ഫണ്ട് 6,59,712/- രൂപ വിനിയോഗിച്ച് കേരഫെഡുമായിച്ചേർന്ന് കേരകർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കൊപ്രാ ഡ്രയർ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിരുന്നു. പ്രസ്തുത കെട്ടിടത്തിൽ കേരഫെഡ് ഡ്രയർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റിന്റെ ഭാഗമായി 17-01-2020 ന് സ്ഥലം സന്ദർശിച്ചതിൽ ആയത് നാളിതുവരെയായും പ്രവർത്തനക്ഷമമാക്കാതെ കാടുമൂടി കിടക്കുന്ന നിലയിലാണുള്ളത്. പഞ്ചായത്തിൻെറ ആസ്തി നിഷ്ക്രിയമായിപ്പോകാതിരിക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.ഇക്കാര്യത്തിലേക്ക് ഭരണവകുപ്പിൻെറ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-27 പാലിയേറ്റീവ് കെയർ പദ്ധതി:-അപാകങ്ങൾ.

2018-19 വർഷത്തിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി 5,00,000രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവയുടെ രജിസ്റ്ററുകളും രേഖകളും ഇത് സംബന്ധിച്ച മാർഗ്ഗരേഖ നിഷ്കർഷിക്കുംപ്രകാരം സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

എ)<u>ഉപകരണങ്ങൾ ലഭ്യമായിട്ടില്ല-</u>പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി 22 ഇനങ്ങളിലുള്ള സാധനങ്ങൾ വാങ്ങുന്നതിന് (ആകെ 2509 എണ്ണം)കേരളാ മെഡിക്കൽ സർവ്വീസ് കോർപറേഷനിലേക്ക് ട്രഷറി ചെക്ക് -2904252/16.10.2018മുഖേന 60,000 രൂപ നൽകിയിട്ടുണ്ട്.എന്നാൽ ഈ ഇനങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ലെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ്അന്വേഷണ(18/16-1-20)ത്തിന് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിക്കുകയുണ്ടായി. ഇവ ലഭ്യമാക്കുന്നതിനായി തുടർനടപടികളൊന്നും എടുത്തതായി കാണുന്നുമില്ല. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി)<u>പാലിയേറ്റീവ്കെയർമാനേജ്മെന്റ്കമ്മറ്റി വേണ്ടവണ്ണം പ്രവർത്തിക്കുന്നില്ല-</u>പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ പ്രതിമാസ വിലയിരുത്തൽ നടത്തുന്നതിനും പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നതിനും അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന പദ്ധതികൾ രൂപീകരിക്കുന്നതിനുമായി പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി പരമാവധി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന് പാലിയേറ്റീവ് മാർഗ്ഗരേഖ (ഖണ്ഡിക 2.3.2) നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കമ്മറ്റി കേവലം രണ്ട് തവണ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. മാത്രമല്ല,പ്രതിമാസ വരവ്-ചെലവ് കണക്കുകൾ പാസ്സാക്കുകയോ,ഭാവിപ്രവർത്തനങ്ങൾ വിഭാവനം ചെയ്യുകയോ ചെയ്തതായി കാണുന്നുമില്ല.

സി) <u>മോണിറ്ററിംഗ് ഫലപ്രദമായി നടപ്പാക്കപ്പെടുന്നില്ല-</u> ഗ്രാമപഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പാലിയേറ്റീവ് പ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ വിലയിരുത്തണമെന്ന് മാർഗ്ഗരേഖ (ഖണ്ഡിക 2.11.4) നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഇത്തരം വിലയിരുത്തലുകൾ നടത്തിയായി സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്തലുകളില്ല. മാത്രമല്ല വർഷത്തിലൊരിക്കൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ

വിലയിരുത്തുന്നതിന് മാത്രമായി ഭരണസമിതി കൂടണമെന്നും മാർഗ്ഗരേഖ (ഖ2.11.5) നിഷ്കർഷിക്കുന്നുവെങ്കിലും അപ്രകാരവും കൂടിയതായി കാണുന്നില്ല.

ഡി) നഴ്സിന്റെ ഓണറേറിയം നൽകുന്നതിന് കാലതാമസം-പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ (ഖ.2.8.11) പ്രകാരം നഴ്സിനുള്ള മുൻമാസത്തെ ഓണറേറിയം തുടർന്ന് വരുന്ന മാസം 10-ാം തിയ്യതിക്കകം നൽകേണ്ടതാണ്. പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കാത്തതിനാൽ തുക ചെലവഴിക്കുന്നതിന് കഴിയാത്ത മാസങ്ങളിൾ തനത് ഫണ്ടിൽനിന്നും ഓണറേറിയം നൽകി പിന്നീട് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയാണ് വേണ്ടതെന്ന് മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.എന്നാൽ പല മാസങ്ങളിലും ഓണറേറിയം ഇപ്രകാരം നൽകിയതായി കാണുന്നില്ല.ഉദാഹരണത്തിന് 4/2018 ലെ ഓണറേറിയം 31.5.2018 നം 12.2.2018 ലേത് 7.2.2019 നം മാത്രമാണ് നൽകിയതായി കാണുന്നത്. ഓണറേറിയം കൃത്യസമയത്ത് തന്നെ നല്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ഫെസ്റ്റിവെൽ അഡ്വാൻസ്-3,000/-രൂപ നാളിതുവരെയായി തിരികെ ലഭിച്ചില്ല

